**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4083 21.10.2016 ൽ മറുപടിയ്ക്ക്**

**വാഹനം വാങ്ങുമ്പോൾത്തന്നെ പെർമനന്റ് രജിസ്ട്രേഷൻ നൽകാൻ നടപടി**

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനങ്ങൾ വാങ്ങുന്ന അവസരത്തിൽ തന്നെ പെർമനന്റ് രജിസ്ട്രേഷൻ നൽകാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (എ) & (ബി) | വാഹന ഉടമകളിൽ നിന്നും വാഹനം രജിസ്റ്റർ ചെയ്യാനുള്ള ചെലവ് എന്ന പേരിൽ വാഹന ഡീലർമാർ ഹാന്റിലിങ് ചാർജ്ജ് ഇനത്തിൽ അനധികൃതമായി അമിത തുക ഈടാക്കുന്നു എന്നുള്ള പരാതികൾ അവസാനിപ്പിക്കുക എന്ന ഉദ്ദേശത്തോടെ എല്ലാ വാഹനങ്ങൾക്കും ടെമ്പററി രജിസ്ട്രേഷൻ നിർബന്ധമാക്കുകയും വാഹന വിൽപ്പനക്കാർക്ക് ഓൺലൈനായി ടെമ്പററി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സംവിധാനം 01.04.2016 മുതൽ ഏർപ്പെടുത്തുകയും ചെയ്തു. ഇതു വഴി ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ഹാന്റിലിങ് ചാർജ്ജായി ഈടാക്കി വന്നിരുന്ന അമിതതുക ഒഴിവാക്കുന്നതിനും വാഹന ഉടമയ്ക്ക് വാഹനം നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം ലഭ്യമാകുകയും ഉണ്ടായിട്ടുണ്ട്. |
| (ബി) | താത്ക്കാലിക രജിസ്ട്രേഷൻ നടത്തിയതിനുശേഷം പിന്നീട് സ്ഥിരം രജിസ്ട്രേഷൻ നടത്തുന്നതിലൂടെ വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി വാഹനം വാങ്ങുന്ന അവസരത്തിൽ തന്നെ പെർമനന്റ് രജിസ്ട്രേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പെർമനന്റ് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ച് വരുകയാണ്. |

**സെക്ഷൻ ഓഫീസർ**